LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രങ്ങളിലെ പൂജയും കഴകങ്ങളും

*20 [436] ശ്രീ. എൻ. ശക്തൻ:

" ഡൊമിനിക് പ്രസന്റേഷൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ട്; ഇവിടെ പൂജയും മറ്റ് കഴകങ്ങളും നടത്തുന്നത് ദേവസ്വം ബോർഡിന്റെ ജീവനക്കാരാണോ;

(ബി) ഈ ക്ഷേത്രങ്ങളിൽ ഏതിന്റെയെങ്കിലും പൂജയും കഴകങ്ങളും കോൺട്രാക്ട് അടിസ്ഥാനത്തിൽ ചെയ്യിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ എത്ര ക്ഷേത്രങ്ങളിലെ എന്ന് വിശദീകരിക്കുമോ; ഇതു കൊണ്ട് ദേവസ്വം ബോർഡിനും ക്ഷേത്രത്തിനും ക്ഷേത്രവിശ്വാസികൾക്കും എന്തു ഗുണമാണ് ഉണ്ടാകുന്നതെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സാസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) 1207 ക്ഷേത്രങ്ങൾ. ഈ ക്ഷേത്രങ്ങളിൽ പൂജയും മറ്റും നടത്തുന്നത് ബോർഡിന്റെ ജീവനക്കാരാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അന്തർദേശീയ നിലവാരമുള്ള ക്രിക്കറ്റ് സ്റ്റേഡിയം തിരുവനന്തപുരത്ത് നിർമ്മിക്കാൻ നടപടി

*21 [437] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ദേശീയ നിലവാരമുള്ള ക്രിക്കറ്റ് സ്റ്റേഡിയം പണിയുന്നതിന് പദ്ധതി നിലവിലുണ്ടോ;

(ബി) ഈ ആവശ്യത്തിലേക്ക് ബി.സി.സി.ഐ. സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(സി) ക്രിക്കറ്റ് സ്റ്റേഡിയത്തിന് അനുയോജ്യമായ സ്ഥലം നൽകാൻ കേരള സർവ്വകലാശാല സന്നദ്ധമായിരുന്നോ;

(ഡി) കുടമാപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥലത്ത് ക്രിക്കറ്റ് സ്റ്റേഡിയം അനുവദിക്കണമെന്ന സ്ഥലം എം.എൽ.എ.-യുടെ നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പൊതുസമ്മേളനങ്ങൾ സംഘടിപ്പിക്കാവുന്നതും വിപുലമായ പാർക്കിംഗും, ഷോപ്പിംഗ് സൗകര്യങ്ങളും അന്തർദേശീയ നിലവാരമുള്ളതുമായ ഒരു മൾട്ടി പർപ്പസ് സ്റ്റേഡിയം തലസ്ഥാന നഗരിയിൽ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഇല്ല.

(ബി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇത് സംബന്ധിച്ച് യാതൊരറിയിപ്പും ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) അനുയോജ്യമായ സ്ഥലം, ഫണ്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

മിൽക്ക് ഷെഡ് പദ്ധതി

*22 [438] ശ്രീ. ജോർജ്ജ് ജെ. മാത്യു:

" വി. ജെ. പൗലോസ്:

" തേറമ്പിൽ രാമകൃഷ്ണൻ:

" എ. സുജനപാൽ:

" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിൽക്ക് ഷെഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് എന്നത്തേക്ക് ആരംഭിക്കും;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങൾക്കാണ് പാൽ കർഷകന് അർഹതയുള്ളത്;

(ഡി) സംസ്ഥാനത്ത് പദ്ധതി നടപ്പാക്കാൻ കേന്ദ്രത്തിൽനിന്ന് എന്തു സഹായമാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly